# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1312

13 /12/2012 -ൽ
മറുപടിക്ക്

## സബ്സിഡി സിലിണ്ടർ

**ചോദ്യം**

ശ്രീ. കെ.അജിത്

**ഉത്തരം**

**ശ്രീ. അനൂപ് ജേക്കബ്**
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്തെ പാചകവാതക ഉപഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ അധികമായി നൽകുമെന്നു പറഞ്ഞ മൂന്ന് സബ്സിഡി സിലിണ്ടറുകൾക്കായി എത്ര രൂപയുടെ അധിക ബാധ്യത ഉണ്ടാവുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(എ) ഏകദേശം 633 കോടി രൂപ സർക്കാരിന് മൂന്ന് സബ്സിഡി സിലിണ്ടറുകൾക്കായി അധിക ബാധ്യതയായി ഉണ്ടാവും എന്ന് ഇപ്പോൾ കണക്കാക്കിയിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാർ സബ്സിഡി വെട്ടിക്കുറച്ചതിനെതിരെ സംസ്ഥാനത്തിന്റെ പ്രതിഷേധം അറിയിക്കുകയോ ആയതിന് കേന്ദ്ര മന്ത്രാലയം എന്തെങ്കിലും മറുപടി നൽകുകയോ ചെയ്തിട്ടുണ്ടോ;

(സി) കേന്ദ്രസർക്കാർ സബ്സിഡി സിലിണ്ടറുകളുടെ എണ്ണം വെട്ടിക്കുറച്ചതിനെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) യും (സി) കേന്ദ്ര സർക്കാർ സബ്സിഡി സിലിണ്ടറുകളുടെ എണ്ണം നിജപ്പെടുത്തുന്നതിനെതിരെ 18/07/2011 ലെ കേരള നിയമസഭയുടെ ഖണ്ഡന ഉപക്ഷേപം കേന്ദ്ര മന്ത്രാലയത്തിന് അയച്ചു കൊടുത്തിട്ടുണ്ട്.

(ഡി) സംസ്ഥാന സർക്കാർ നൽകുമെന്നറിയിച്ച അധിക മൂന്ന് സബ്സിഡി സിലിണ്ടറുകളെ സംബന്ധിച്ച് ഉത്തരവുകൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ?

(ഡി) ഗാർഹിക പാചക വാതക സിലിണ്ടറുകളുടെ എണ്ണത്തിൽ കേന്ദ്രസർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയതിന്റെ പശ്ചാത്തലത്തിൽ ഒരു വർഷത്തിൽ ഒൻപത് സിലിണ്ടറുകളിൽ കൂടുതൽ പാടില്ലെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഒരു വീട്ടിൽ ഒരു കണക്ഷൻ മാത്രം നിലനിർത്തിക്കൊണ്ട് കഴിഞ്ഞ വർഷം വാങ്ങിയ അത്രയും സിലിണ്ടറുകൾ സബ്സിഡി നിരക്കിൽ ലഭിക്കുവാൻ സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കൾക്ക് അർഹതയുണ്ടായിരിക്കുന്നതാണെന്ന് നിഷ്കർഷിച്ചു കൊണ്ടുള്ള 27.10.2012 ലെ നം.271/12/ ഭ.പൊ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ